LIBRARY ARCHIVES Kerala Legislative Assembly

കുരുവട്ടൂർ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി

37 [1125] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുവട്ടൂർ പഞ്ചായത്തിലെ കക്കോടി സെക്ഷനിലെ പോലൂർ പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ ;

(സി) ഈ പ്രശ്നത്തിന് എന്നത്തേക്ക് പരിഹാരമുണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ ആന്റ് ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാനായി 1.2 കി.മീ. 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ജോലിയുടെ എസ്റ്റിമേറ്റ് പാസ്സാക്കി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കക്കോടി സെക്ഷനിലെ 7-ാമത്തെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് ജോലിയായി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രസ്തുത പദ്ധതി സാധന സാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.

പന്നിയാർ, പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിൽ അഴിമതി

38 [1126] ശ്രീ. എ. കെ. മണി :
ശ്രീമതി മേഴ്സി രവി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, പി. ജെ. ജോയി :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്നിയാർ, പള്ളിവാസൽ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിനുമുമ്പ് അവയുടെ സ്ഥാപിതശേഷി എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) നവീകരണം പൂർത്തിയാകുമ്പോൾ സ്ഥാപിതശേഷി എത്രയായി ഉയരുമെന്നായിരുന്നു പ്രതീക്ഷിച്ചിരുന്നത് ;

(സി) അവയുടെ നവീകരണം പൂർത്തിയായിട്ടുണ്ടെങ്കിൽ സ്ഥാപിതശേഷി എത്ര ;

(ഡി) ഇവയുടെ നവീകരണം നടത്തുന്നതിനുള്ള കരാർ തുക എത്രയായിരുന്നു ; ശബരിഗിരി പദ്ധതിയുടെ നവീകരണം നടത്തിയിട്ടുണ്ടോ ;

(ഇ) നവീകരണത്തിനുമുമ്പ് അതിന്റെ സ്ഥാപിതശേഷി എത്രയായിരുന്നുവെന്നും നവീകരണത്തിനുശേഷം അതിന്റെ സ്ഥാപിതശേഷി എത്രയായാണ് ഉയർന്നതെന്നും വ്യക്തമാക്കാമോ ;

(എഫ്) ശബരിഗിരി പദ്ധതിയുടെ നവീകരണം നടത്തിയതിനുണ്ടായ ചെലവെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ജി) പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പദ്ധതികളുടെ നവീകരണത്തിന് വമ്പിച്ച തുകയ്ക്ക് കരാർ വച്ചതിൽ ക്രമക്കേട് നടന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അതേപ്പറ്റി വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ വിജിലൻസ് അന്വേഷണം ഏതു ഘട്ടത്തിൽ നിൽക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ)

പദ്ധതി	സ്ഥാപിതശേഷി
1. പള്ളിവാസൽ	37.5 മെഗാവാട്ട്
2. ചെങ്കുളം	48 മെഗാവാട്ട്
3. പന്നിയാർ	30 മെഗാവാട്ട്

(ബി ആന്റ് സി) പദ്ധതിയുടെ സ്ഥാപിതശേഷി താഴെപറയും പ്രകാരമാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

1. പള്ളിവാസൽ	36.84 മെഗാവാട്ട്
2. ചെങ്കുളം	55.24 മെഗാവാട്ട്
3. പന്നിയാർ	32.4 മെഗാവാട്ട്

(ഡി) നവീകരണത്തിനായി എസ്.എൻ.സി. ലാവലിനുമായുള്ള കരാർ തുക ഇപ്രകാരമാണ്.

കൺസൾട്ടൻസി ചാർജ്ജ്—7,190,000 കനേഡിയൻ ഡോളർ

സാധനങ്ങളുടെ വില—52,758,740 കനേഡിയൻ ഡോളർ

ശബരിഗിരി പദ്ധതിയുടെ നവീകരണ പുനരുദ്ധാരണ ജോലികൾ നടന്നുവരുന്നു.

(ഇ) നവീകരണത്തിനുമുമ്പ് ശബരിഗിരി പദ്ധതിയുടെ സ്ഥാപിതശേഷി 300 മെഗാവാട്ട് ആയിരുന്നു. (6 X 50 MW) നവീകരണത്തിനുശേഷം പദ്ധതിയുടെ സ്ഥാപിതശേഷി 335 മെഗാവാട്ടായി വർദ്ധിക്കുന്നതാണ്.

(എഫ്) ശബരിഗിരി പദ്ധതിയുടെ നവീകരണത്തിനുള്ള കരാർ തുക 94.65 കോടി രൂപയാണ്. 2004 ഡിസംബർ മാസം വരെ ഈ പദ്ധതിക്കായി 20.9 കോടി രൂപ ചെലവായിട്ടുണ്ട്.

(ജി) നിയമസഭാ, സബ്ജക്ട് കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്.

(എച്ച്) ഉണ്ട്. സ്റ്റേറ്റ് വിജിലൻസ് അന്വേഷണം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly